(സി) സ്റ്റേ വെക്കേറ്റ് ചെയ്യുന്നതിന് ആവശ്യമായ വിവരങ്ങളും നിർദ്ദേശവും അഡ്വക്കേറ്റ് ജനറലിന് നൽകിയിട്ടുണ്ട്. ഈ കേസിൽ 14-3-2000-ൽ എതിർ സത്യവാങ്മൂലവും (കൗണ്ടർ അഫീഡവിറ്റ്) ഫയൽ ചെയ്തിട്ടുണ്ട്.

(ഡി) ഉണ്ട്.

(ഇ)&(എഫ്) ഉത്തരവിലെ നിബന്ധനകൾ പ്രകാരം താല്ക്കാലിക ജോലി ചെയ്തിരിക്കുന്ന അതേ തസ്തികകളിൽ തന്നെയാണ് നിയമനം നൽകുന്നത്.

26 (*475) അപകടത്തിൽപ്പെട്ട് ആശുപത്രിയിലെത്തുന്നവർക്ക് അടിയന്തിര ശുശ്രൂഷ നൽകാൻ നടപടി

ഡോ. കെ.സി ജോസഫ് :
ശ്രീ. ആന്റണി രാജു :
ശ്രീ. ടി.എസ്. ജോൺ :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. പി.സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അധികൃതരുടെ അനാസ്ഥയെത്തുർടന്ന് ചികിത്സ വൈകുന്നതു മൂലം അപകടങ്ങളിൽപ്പെട്ട് ആശുപത്രികളിലെത്തുന്നവർ മരണപ്പെടുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തു നടപടി സ്വീകരിക്കുവാനുദ്ദേശിക്കുന്നു;

(സി) ഇത്തരം സംഭവങ്ങളെ സംബന്ധിച്ച് അന്വേഷണം പരാജയപ്പെടുത്തുവാനുള്ള സംഘടിതശ്രമം ഉണ്ടാകുന്നതായി അറിവുണ്ടോ;

(ഡി) എങ്കിൽ നിഷ്പക്ഷമായ അന്വേഷണം നടത്തുന്നതിനും കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതിനും തയ്യാറാകുമോ;

(ഇ) രോഗികളുടെ പ്രശ്നങ്ങൾ ലാഘവബുദ്ധിയോടെ കൈകാര്യം ചെയ്യുന്ന ജീവനക്കാർക്കെതിരെ നടപടിയെടുക്കുവാൻ കർശന നിർദ്ദേശം നൽകുമോ?

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. വി.സി കബീർ) :

(എ) അപകടങ്ങളിൽപ്പെട്ട് ചികിത്സയ്ക്ക് മെഡിക്കൽ കോളേജിൽ എത്തുന്നവർ മിക്കപ്പോഴും ഗുരുതരാവസ്ഥയിലായതിനാൽ മരണ സാദ്ധ്യത കൂടുതലാണ്. അധികൃതരുടെ അനാസ്ഥയെത്തുടർന്ന് ചികിത്സ വൈകുന്നത് മൂലമല്ല ഭൂരിപക്ഷം കേസ്സുകളിലും മരണം സംഭവിക്കുന്നത്.

(ബി) അപകടങ്ങളിൽപ്പെട്ട് വരുന്നവർക്ക് അടിയന്തിരചികിത്സ നൽകുന്നതിനും അതിനാവശ്യമായ സൗകര്യങ്ങൾ എല്ലാ മെഡിക്കൽ കോളേജുകളിലും ജില്ലാ - താലൂക്ക്തല ആശുപത്രികളിലും ഏർപ്പെടുത്തുന്നതിനുമുള്ള നടപടികൾ ഇതിനകംതന്നെ സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ട്. ഇതനുസരിച്ച് കോഴിക്കോട്, കോട്ടയം, ആലപ്പുഴ, തൃശ്ശൂർ എന്നീ മെഡിക്കൽ കോളേജുകളിൽ ട്രോമാ കെയർ സെന്ററുകൾ പ്രവർത്തിക്കുന്നു. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ അത്യാഹിത വിഭാഗത്തിൽ ട്രോമാകെയർ സൗകര്യം ലഭ്യമാണ്. കൂടാതെ ഹെൽത്ത് സർവ്വീസിലെ വിവിധ ആശുപത്രികളിൽ തദ്ദേശ സ്ഥാപനങ്ങളുടെ സഹകരണത്തോടെ സൗകര്യങ്ങൾ ഏൽപ്പെടുത്തിവരുന്നു. ഡോക്ടർമാർക്ക് ട്രോമാ കെയറിൽ വിദഗ്ദപരിശീലനം നൽകിയിട്ടു

LIBRARY ARCHIVES Kerala Legislative Assembly

ണ്ട്. അപകടങ്ങളിൽപ്പെടുന്നവർക്ക് അടിയന്തിര പ്രഥമ ശുശ്രൂഷ നൽകുന്നതിനും ശരിയായ രീതിയിൽ ആശുപത്രിയിൽ എത്തിക്കുന്നതിനും പോലീസുകാർക്കും ഫയർഫോഴ്സുകാർക്കും പരിശീലനം നൽകിവരുന്നു. മെഡിക്കൽ കോളേജ് ആശുപത്രികളിലെ ട്രോമ കെയർ സംവിധാനം മെച്ചപ്പെടുത്തുന്നതിനുൾപ്പെടെ എമർജൻസി മെഡിക്കൽ സർവ്വീസ് ഇൻ ആൾ മെഡിക്കൽ കോളേജ് എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ 100 ലക്ഷം രൂപ 1999-2000 സാംപത്തിക വർഷത്തിൽ വകകൊള്ളിച്ചിട്ടുണ്ട്. ഉപകരണങ്ങൾ, സ്ഥലസൗകര്യം മെച്ചപ്പെടുത്തൽ, അധിക തസ്തിക സൃഷ്ടിക്കൽ എന്നിവയ്ക്കു വേണ്ടിയാണിത്. ട്രോമാ കെയർ സംവിധാനം സംസ്ഥാനത്തെ ഒരു ജില്ലാതല ആശുപത്രിയിൽ ഏർപ്പെടുത്തുന്നതിനായി കേന്ദ്ര ഗവൺമെന്റ് ഒരു പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. എറണാകുളം ജനറൽ ആശുപത്രിയുടെ വികസനത്തിനായി സമഗ്രമായ ഒരു നിർദ്ദേശം കേന്ദ്രത്തിൽ സമർപ്പിച്ചിട്ടുമുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി)&(ഇ) പരാതി ലഭിച്ചാൽ അതിൻമേൽ അന്വേഷണം നടത്തി, കുറ്റക്കാർ ആണെന്ന് കാണുന്ന ജീവനക്കാർക്കെതിരെ നടപടി സ്വീകരിക്കാറുണ്ട്.

27 (*476) വിദേശ മലയാളികൾക്കായി സുരക്ഷാ പദ്ധതികൾ

ശ്രീ. ടി.കെ. നൗഷാദ് :
ശ്രീ. ടി.കെ. ബാലൻ :
ശ്രീ. എളമരം കരീം :
ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ് :
ശ്രീ. എ. അലി ഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശത്ത് ജോലി നോക്കുന്ന മലയാളികൾക്കായി സംസ്ഥാന സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള സുരക്ഷാ പദ്ധതികൾ എന്തൊക്കെയാണ്;

(ബി) ഈ പദ്ധതികളിൽ ഏതെല്ലാം രാജ്യങ്ങളിൽ ജോലി നോക്കുന്ന മലയാളികളെ ഉൾപ്പെടുത്തിയിട്ടുണ്ട്;

(സി) സംസ്ഥാനത്തിന് പുറത്ത് ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിൽ ജോലി നോക്കുന്ന മലയാളികളെ ഈ പദ്ധതികളിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(ഡി) ഗൾഫ് രാജ്യങ്ങളിൽ മലയാളികൾക്കുണ്ടാവുന്ന തൊഴിൽ നിഷേധം പരിഹരിക്കുവാൻ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്;

(ഇ) ഗൾഫ് മലയാളികൾക്കായി പ്രത്യേക കോർപ്പറേഷൻ രൂപീകരിക്കാൻ സർക്കാർ ആലോചിക്കുന്നുണ്ടോ;

(എഫ്) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) :

(എ) സംസ്ഥാന സർക്കാരും ന്യൂ ഇന്ത്യാ അഷ്വറൻസ് കമ്പനിയും സംയുക്തമായി 'പ്രവാസി സുരക്ഷ-കുടുംബ ആരോഗ്യ' പദ്ധതി ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) ഏത് വിദേശ രാജ്യത്ത് ജോലി നോക്കുന്ന കേരളീയനും ഈ പദ്ധതിയിൽ ചേരാം.

(സി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly